**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4741** **02-07-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ വഴി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ വഴി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏതെങ്കിലും പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തീരദേശകോർപ്പറേഷൻ മുഖേന ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | നിലവിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതിക്കായി എസ്റ്റിമേറ്റൊന്നും തീരദേശ വികസന കോർപ്പറേഷൻ മുഖേന സമർപ്പിച്ചിട്ടില്ല. എന്നാൽ മണ്ഡലത്തിലെ കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ ഒരു അക്വാപാർക്ക് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടിയായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

<u>കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശവികസന കോർപ്പറേഷൻ വഴി നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ</u>

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മസ്സൽ ഹാച്ചറി & മറൈൻ ഫിഷ് ബ്രൂഡ് ബാങ്ക്, പുതിയങ്ങാടി, കണ്ണൂർ | 500.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ഗവ.മോഡൽ അപ്പർ പ്രൈമറി സ്കൂൾ, പുതിയങ്ങാടി | 121.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | കിഫ്ബി – ജി.എച്ച്.എസ്സ്.എസ്സ് ഗേൾസ്, മാടായി | 203.81 | പദ്ധതി പൂർത്തീകരിച്ചു |
| 4 | കിഫ്ബി – കണ്ണപുരം ആധുനിക മത്സ്യമാർക്കറ്റ് | 99.39 | മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയ്ക്കായി അനുവദിക്കപ്പെട്ട സ്ഥലം നിർമ്മാണത്തിന് പര്യാപ്തമല്ലാത്തതിനാൽ ടി പദ്ധതി ഒഴിവാക്കി ചെറുതാഴം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പിലാത്തറയിൽ നിലവിലുള്ള മത്സ്യമാർക്കറ്റ് ആധുനികവത് ക്കരിക്കണമെന്ന് ബഹു.എം.എൽ.എ. ആവശ്യപ്പെട്ടപ്രകാരം അനുമതിക്കായി കിഫ്ബിയോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ പിലാത്തറയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കുന്ന പ്രവൃത്തി നിലവിൽ പരിഗണിക്കാൻ സാധിക്കില്ലെന്ന് കിഫ്ബി അറിയിച്ചിട്ടുണ്ട്. |
| 5 | കിഫ്ബി – പഴയങ്ങാടി ആധുനിക മത്സ്യമാർക്കറ്റ് | 126.51 | സി.ആർ.ഇസഡ്. സ്റ്റാറ്റസ് റിപ്പോർട്ട് ലഭിച്ചു. ആയത് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ സമർപ്പിച്ച് സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**